# കേരള സർക്കാർ

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

ആനക്കര ഗ്രാമപഞ്ചായത്ത്

2016-17 വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട്

email-dopkd.ksad@kerala.gov.in

കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

(രജിസ്റ്റേഡ് ചെയ്ത് കൈപ്പറ്റ് രശീതി സഹിതം)

നം.കെ.എസ്.എ-പികെഡി20/1762/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്, തീയതി- 06.10.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

ആനക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആനക്കര ഗ്രാമപഞ്ചായത്ത് 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1997 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി20/1762/2017 തീയതി – 06.10.2017

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-09-2016 മുതൽ 15-8-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം
ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : പി.എം.രതീഷ് കുമാർ

ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 17-8-2017 മുതൽ 25-8-2017 വരെ

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വി.ഉണ്ണികൃഷ്ണൻ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസി.ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| | ശ്രീ.എ.ബി.സുരേഷ്<br><br>(19-8-2017 വരെ മാത്രം) | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| പേര് | കാലയളവ് |
|---|---|
| ശ്രീമതി.സിന്ധു രവീന്ദ്രകുമാർ | 1-04-2016 മുതൽ 31-03-2017 വരെ |

സെക്രട്ടറി :

| പേര് | കാലയളവ് |
|---|---|
| ശ്രീ.സുനിൽജോൺ. A.S (സെക്രട്ടറി ഇൻ ചാർജ്ജ്) | 1-4-16 മുതൽ 10-4-16 വരെ<br>20-6-16 മുതൽ 8-1-17 വരെ |
| ശ്രീ. റെനി സൈമൺ (സെക്രട്ടറി അഡീ.ചാർജ്) | 11-4-16 മുതൽ 23-4-16 വരെ |
| ശ്രീമതി.രജനി കെ.എം | 24-4-16 മുതൽ 19-6-16 വരെ |
| ശ്രീ.ടി.സന്തോഷ് കുമാർ | 9-1-17മുതൽ 31-3-17വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി.സുധ.എൻ.എസ് | 1-4-16 മുതൽ 15-3-16 വരെ |
| | ശ്രീമതി.ആശ സി.എസ് | 16-3-16മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | ശ്രീ.ജോസഫ് ജോൺ തേറാട്ടിൽ | 1-4-16മുതൽ 31-7-16 വരെ |
| | ശ്രീമതി. ശോഭാ എ. മേനോൻ | 1-8-16 മുതൽ 7-3-17 വരെ |
| | ശ്രീമതി.കെ.ടി.സീനത്ത് | 8-3-17 മുതൽ 31-3-17 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി.ഒ.ശാന്തകുമാരി | 1-4-16 മുതൽ 31-3-17 വരെ |
| വി.ഇ.ഒ. | ശ്രീ.പി.കെ. കാർത്തികേയൻ | *1-4-16 മുതൽ 15-12-16വരെ* |
| | ശ്രീ.എസ്.ഷാജഹാൻ | *16-12-16 മുതൽ 31-3-17വരെ* |
| മെഡിക്കൽ ഓഫീസർ (PHC) | ശ്രീ.ശരത്ത് എം.ബി | *1-4-16 മുതൽ 9-6-16 വരെ* |
| | ശ്രീമതി.റജിന എം.കെ | *10-6-16മുതൽ 31-3-17 വരെ* |
| മെഡിക്കൽ ഓഫീസർ (ISM) | ശ്രീ.കെ.ജി.ആനന്ദ് | *1-4-16 മുതൽ 31-3-17 വരെ* |
| വെറ്ററിനറി സർജൻ | ശ്രീ.കെ.പി.വിനോദ് | *1-4-16 മുതൽ 31-3-17 വരെ* |

| | | |
|---|---|---|
| ഹെഡ്മ് മാസ്റ്റർ | ശ്രീ.സി.ഉണ്ണികൃഷ്ണൻ | *1-4-16 മുതൽ 31-5-16 വരെ* |
| | ശ്രീ.കെ.വിദ്യാധരൻ | *1-6-16 മുതൽ 9-11-16 വരെ* |
| | ശ്രീ.ജി.കെ.രവി | *10-11-16മുതൽ 31-3-17 വരെ* |
| അസി.സെക്രട്ടറി | ശ്രീ.സുനിൽ ജോൺ | *1-4-16 മുതൽ 31-3-17 വരെ* |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് കാലയളവിൽ ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2016-17 | 1/24-3-2016 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 24-07-2017 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 23-08--2017 | അനുബന്ധം 1 ആയിച്ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| വർഷം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 2016-17 | 11184603 | 44551597 | 55736200 | 43404684 | 12331516 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ആകെ | ചെലവ് | വിനിയോ ഗിക്കാത്ത തുക | നീക്കി യിരിപ്പ് | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8494246 | 8494246 | 6091892 | 2402354 | 0 | 71.71 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10085667 | 10085667 | 6349850 | 3735817 | 0 | 62.95 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9433869 | 9433869 | 3843222 | 5590647 | 0 | 40.73 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2976507 | 2976507 | 2133341 | 843166 | 0 | 71.67 |
| KLSGDP | 0 | 2266221 | 2266221 | 2096721 | 169500 | 0 | 92.52 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4763763 | 4763763 | 3982256 | 781507 | 0 | 83.59 |
| MGNREGS | 4291 | 23882190 | 23886481 | 23886481 | 0 | 0 | 100 |
| ബി ഫണ്ട് | 0 | 28103200 | 28103200 | 28103200 | 0 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| സാമ്പത്തിക വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക് ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 243 | 72661504 | 122 | 27701568 | --- | 121 | 50.2 |

നിർവ്വഹണോദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ ചെലവു വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാ ക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 9 | 2277500 | 1262041 | 55.41 |
| വെറ്ററിനറി സർജ്ജൻ | 6 | 6 | 4314064 | 1524000 | 35.32 |
| മെഡിക്കൽ ഓഫീസർ-PHC | 4 | 4 | 729507 | 595280 | 81.60 |
| മെഡിക്കൽ ഓഫീസർ- | 1 | 1 | 300000 | 300000 | 100 |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 560000 | 560000 | 100 |
| വി.ഇ.ഒ | 19 | 5 | 16512488 | 2099300 | 12.71 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 7 | 4081208 | 3874421 | 94.93 |
| സെക്രട്ടറി | 20 | 12 | 3203060 | 1544417 | 48.21 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 154 | 64 | 31365510 | 10201884 | 32.52 |
| എച്ച്.എം | 8 | 5 | 1475000 | 1245830 | 84.46 |
| അസി.സെക്രട്ടറി | 10 | 7 | 7843167 | 4494400 | 57.30 |
| ആകെ | 243 | 122 | 72661504 | 27701568 | 38.12 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം കുറവ്/ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | വർദ്ധനവ്/ കുറവ് % |
|---|---|---|---|---|
| നികുതി വരവുകൾ | 2369480 | 3346325 | 976845 | (+)41.22 |
| നികുതിയേതര വരവുകൾ | 2311586 | 2437706 | 126120 | (+)5.45 |
| മറ്റുവരവുകൾ | 492088 | 869359 | 377271 | (+) 76.6 |
| ആകെ | 5173154 | 6653390 | 1480236 | (+)29 |

# 1-8 ക്ഷേമപദ്ധതികൾ

ഓഡിററ് കാലയളവിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷ കൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന മെടുത്തവ | നിരസി ച്ചവ | കാല താമസ ത്തിന്റെ കാരണം |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 5 | 5 | 0 | --- |
| 2 | തൊഴിൽ രഹിത വേതനം | 8 | 8 | 0 | --- |
| 3 | വിധവാ പെൻഷൻ | 67 | 67 | 0 | --- |
| 4 | വികലാംഗ പെൻഷൻ | 6 | 5 | 1 | --- |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 3 | 1 | --- |
| 6 | വാർദ്ധക്യകാല പെൻഷൻ | 302 | 275 | 27 | --- |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-8-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1945/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ട്. വിവിധ ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ച കണക്കുകൾ രേഖപ്പെടുത്തിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സോഷ്യൽ മോണിറ്ററിംഗ് കമ്മിററി രൂപീകരിച്ചിട്ടില്ല. രജിസ്റ്ററിൽ വിശദാംശങ്ങൾ പൂർണ്ണമായും ചേർത്തിട്ടില്ല.

പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള അസാധാരണ ചെലവുകൾ 2011-ലെ കേരളാ പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങളിലെ നിബന്ധനകൾ പ്രകാരമല്ല നടത്തുന്നത്. കൂടാതെ ചട്ടം 5 അനുസരിച്ചുള്ള അസാധാരണ ചെലവ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

## 1-11 ദുരിതാശ്വാസനിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിതനിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, ഒരു ദുരിതാശ്വാസനിധി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും, സെക്രട്ടറിയുടെയും പേരിൽ രൂപീകരിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമ ർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18-08-2017 | 07/17 | ലഭിച്ചിട്ടില്ല | ---- |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 09-07-2003 | 1997-98 മുതൽ 2002-03 വരെ | 10-09-2003 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി കണക്കുകൾ വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വസ്തുനികുതി ഗ്രാമ പഞ്ചായത്തിന്റെ തൻ വർഷത്തെ വാർഷിക കണക്കുകളിലെ ഇൻകം & എക്സ്പെൻഡീച്ചർ പട്ടിക, റസീപ്റ്റ് & പേയ്മെന്റ് പട്ടിക, അസ്സറ്റ് ആൻഡ് ലയബിലിറ്റി പട്ടിക, ട്രയൽ ബാലൻസ് എന്നിവയിലെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി ഒത്തു പോകുന്നില്ല. അപാകതകൾ താഴെ ചേർക്കുന്നു.

1. ഇൻകം ആൻഡ് എക്സ്പെൻഡീച്ചർ പട്ടിക 1.1ൽ റെസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, അരിയർ വസ്തുനികുതി ഡിമാൻഡ് ഒരുമിച്ച് 2214707 രൂപയാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ സഞ്ചയ കണക്ക പ്രകാരമിത് 4190881 രൂപയാണ് രണ്ടും തമ്മിൽ 1976174 വ്യത്യാസമുണ്ട്.

2. റസീപ്റ്റ് ആൻഡ് പേയ്മെന്റ് പട്ടിക RP43ൽ റെസിഡൻഷ്യൽ,നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ കറന്റ്, കുടിശ്ശികയിനത്തിലാകെ 2508175രൂപയും സഞ്ചയയിലിത് 1520417 രൂപയുമാണ്. വ്യത്യാസം 987758 (കുറവ്)

3. ബാലൻസ് ഷീറ്റിലെ B 15 ലെ സൺട്രി ഡെബ്റ്റേഴ്സ് (റിസിവബിൾസ്) എന്നതിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിനത്തിൽ ആകെ 1112582 കാണിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയയിലിത് 1444927/-രൂപയാണ്. വ്യത്യാസം 332345 (സഞ്ചയയിൽ കൂടുതലാണ്)

വാർഷിക കണക്കുകൾ കൃത്യമായി തയ്യാറാക്കി, സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പൊരുത്തപ്പെടുത്തി ഓഡിറ്റിനു സമർപ്പിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കണം

2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതാഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി നിർണ്ണയിക്കുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | തിത്തീമ ഉമ്മ മെമ്മോറിയൽ ആയുർവേദാശുപത്രി & റിസർച്ച് സെന്റർ, | I& II അർദ്ധ വർഷങ്ങൾ |
| 2 | ബി.എസ്.എൻ.എൽ, ആനക്കര | ടി |

| | | |
|---|---|---|
| 3 | വള്ളുവനാട് അൺ-ഓർഗനൈസ്ഡ് ലാബറേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | II - ാം അർദ്ധ വർഷം |
| 4 | ആനക്കര ഫുഡ് പ്രൊസ്സസ്സിംഗ് & എക്സ്പോർട്ട് പ്രൈ.ലി, ആനക്കര | I& II അർദ്ധ വർഷങ്ങൾ |
| 5 | ക്വാളിറ്റി ഫുഡ് പ്രൊഡക്ട്സ് | ടി |
| 6 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാവേലി സ്റ്റോർ, കുമ്പിടി | ടി |
| 7 | AWH കോളേജ് ഓഫ് സയൻസ് & ടെക്നോളജി, ആനക്കര | ടി |

മേൽ പറഞ്ഞ സ്ഥാപനങ്ങൾക്ക്, തൊഴിൽ നികുതി ചട്ടപ്രകാരം നോട്ടീസ് നൽകി റിട്ടേൺ ലഭ്യമാക്കി നികുതി നിർണ്ണയിച്ച് ഈടാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 പാരാ- മെഡിക്കൽ രജിസ്ട്രേഷൻ - ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ– രജിസ്റ്റർ ചെയ്യാൻ നടപടി സ്വീകരിക്കണം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 269, 269 A,B,C,D, 270 ,271, 1997-ലെ കേരളാ പഞ്ചായത്ത് രാജ് ( സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാ- മെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ - 3,4,5 ,6,7,8 എന്നിവ പ്രകാരം സ്വകാര്യ ആശുപത്രികളും, പാരാമെഡിക്കൽ സ്ഥാപനങ്ങളും തദ്ദേശ സ്ഥാപനത്തിൽ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കാൻ പാടുള്ളതല്ല. എന്നാൽ ആനക്കര ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ മേൽ പറഞ്ഞ നിയമവും ചട്ടങ്ങളും അനുശാസിക്കും വിധം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നില്ലെന്ന് കാണുന്നു. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപത്തിന്മേൽ 5000 രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും 500രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണെന്ന വ്യവസ്ഥയും പാലിക്കപ്പെട്ടതായി കാണുന്നില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേരും വിലാസവും |
|---|---|---|
| 1 | എസ്.ബി. ക്ലിനിക്കൽ ലാബ്, ആനക്കര | സിന്ധു. സി.<br>പറക്കോട്ടിൽ വീട്,<br>കുറ്റിപ്പാല പി.ഒ, എടപ്പാൾ |
| 2 | കൃഷ്ണ ക്ലിനിക്കൽ ലാബ്, കൂടല്ലൂർ | ശ്രീമതി ശ്രീലത,<br>വടക്കുമുറിപ്പറമ്പിൽ വീട്,<br>കൂടല്ലൂർ |

| | | |
|---|---|---|
| 3 | ഡോക്ടേഴ്സ് ലാബ്, ആനക്കര | ശ്രീ വിനോദ്,<br><br>പൂപ്പാല, നയ്യൂർ,<br>ആനക്കര പി.ഒ |

ഈ വിഷയത്തിൽ ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം തെളിവു സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് ലഭിച്ചശേഷം എഗ്രിമെന്റ് ചമക്കാൻ കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടില്ല

2012 ലെ കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ (ജി.ഒ (പി)13/2012/PWD/1.2.2012) സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. ഈ തീയതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുകയും അന്നുമുതൽ 14 ദിവസത്തിനകം അതായത് ഭരണസമിതി ടെന്റർ അംഗീകരിച്ചതിനുശേഷം 21 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ PAC യുടെ 1% തുക(മിനിമം 1000 രൂപ) പിഴയായി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിക്കുവേണ്ടി കരാറുടമ്പടി വെക്കാൻ കാലതാമസം വന്നതിന് നിയമാനുസൃതമായ പിഴ ഈടാക്കിയിട്ടില്ല.

1. പാലത്തിങ്കൽ കട്ടിൽ റോഡ് കോൺക്രീറ്റിംഗ്

പ്രോജക്ട് നം-307/17

അടങ്കൽ-1,00,000

PAC- 98271

ടെന്റർ അംഗീകരിച്ച തിയ്യതി-21-12-2016

കരാറുകാരൻ-എ.വി.കമറുദ്ദീൻ

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-10-02-2017

ബിൽ നം.50/25-3-17 തുക 1,00,000/-

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 98271x1%=1000/- (മിനിമം)

2. <u>തിരുവായിക്കുളം റോഡ് കോൺക്രീറ്റിംഗ്</u>

പ്രോജക്ട് നം-305/17

അടങ്കൽ-2,00,000/-

PAC- 1,99,393/-

ടെന്റർ അംഗീകരിച്ച തിയ്യതി- 21-12-2016

കരാറുകാരൻ-എ.വി.കമറുദ്ദീൻ

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-24-01-2017

ബിൽ നം.51/25-3-17

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 1,99,393x1%=1993

3. <u>രാമൻനായർ റോഡ് സൈഡ് കെട്ടൽ</u>

പ്രോജക്ട്നം-287/16-17

അടങ്കൽ-1,00,000/- PAC- 99,693/-

ടെന്റർ അംഗീകരിച്ച തിയ്യതി- 21-12-2016

കരാറുകാരൻ-എ.വി.കമറുദ്ദീൻ

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-24-01-2017

ബിൽ നം.64/30-3-17

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 99,693x1%=1000 (മിനിമം)

4. <u>കോട്ടയത്ത് റോഡ് കോൺക്രീറ്റിംഗ്</u>

പ്രോജക്ട് നം-308/16-17

അടങ്കൽ-1,00,000/- PAC- 98,853/-

ടെന്റർ അംഗീകരിച്ച തിയ്യതി- 21-12-2016

കരാറുകാരൻ-എ.വി.കമറുദ്ദീൻ

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-24-01-2017

ബിൽ നം.48/25-3-17

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 98,853x1%=1000 (മിനിമം)

5. <u>തേക്കിൻകാട് റോഡ് തുടർച്ച കോൺക്രീറ്റിംഗ്</u>

പ്രോജക്ട് നം-312/17

അടങ്കൽ-1,00,000/- PAC- 99201/-

ടെന്റർ അംഗീകരിച്ച തിയ്യതി- 21-12-2016

കരാറുകാരൻ-പി.എം.മൂസക്കുട്ടി

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-16-01-2017

ബിൽ നം.39/22-3-17 തുക-100000/-

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 99201x1%=1000 (മിനിമം)

6. <u>മുല്ലയം പറമ്പ് ക്ഷേത്രത്തിന് സമീപം റോഡ് കോൺക്രീറ്റിംഗ്</u>

പ്രോജക്ട് നം-314/17

അടങ്കൽ-50,000/- PAC- 49482/-

ടെന്റർ അംഗീകരിച്ച തിയ്യതി- 21-12-2016

കരാറുകാരൻ-വി.പി.വാസു

പിഴ കൂടാതെ കരാർ വെയ്ക്കേണ്ട സമയപരിധി-03-01-2017

കരാർ ചമച്ചത്-28-01-2017

ബിൽ നം.40/20-3-17 തുക-50000/-

ഈടാക്കിയ പിഴ-ഇല്ല

ഈടാക്കേണ്ട തുക- 49482x1%=1000 (മിനിമം)

മേൽപറഞ്ഞപ്രകാരം ഈടാക്കാനുള്ള തുക 6993/- രൂപ (1000+1993+1000+ 1000+1000+1000) ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ, ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-2 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ വ്യക്തിഗത പ്രൊജക്ടുകളിലെ അപാകതകൾ

പ്രൊജക്ട് നമ്പറും പേരും : 01/16-17 (സമ്പൂർണ്ണശുചിത്വം-വ്യക്തിഗത കക്കൂസ് നിർമാണം)

അടങ്കൽ
വികസന ഫണ്ട് -200000, തനത് ഫണ്ട് -1186000

ആകെ - 1386000 രൂപ ( ചെലവു പത്രികയിൽ രേഖപ്പെടുത്തിയത് പ്രകാരം)

ചെലവ്
(1) വികസന ഫണ്ട് -200000 ( ബിൽ നമ്പർ 1/16-17 തീ.22.22.16)
(2) തനത് ഫണ്ട് -249400
( ചെക്ക് നം,1742202/ 22.10.16- തുക- 200000 )
( ചെക്ക്നം 1742244 തീ.16.2.17- തുക 9400)

( ചെക്ക്നം 1742256 തീ.3.2.17- തുക 36600)

( ചെക്ക്നം 1742274 തീ.16.2.17- തുക 3400)

(3)ശുചിത്വ മിഷൻ ഫണ്ട്- 1084446/-
(SBT കുടല്ലൂർ ശാഖയിലെ 67008587184 നമ്പർ അക്കൗണ്ടിലെ മുൻ ബാക്കി- 280446 രൂപ)
ചെക്ക് നം. 892424.തീ 05.8.16- പ്രകാരം പഞ്ചായത്ത് കൈമാറിയ തുക -804000 രൂപ

ആകെ ചെലവ് 1533846 രൂപ ( വി.ഇ.ഒ. സമർപ്പിച്ച ക്യാഷ് ബുക്ക്,അക്വിറ്റൻസ് രജിസ്റ്റർ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പ്രകാരം)

ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

(A) ഐ.കെ.എം. ചെലവു പത്രികയിൽ രേഖപ്പെടുത്തിയ, ചെലവു തുകയും (412800) വി.ഇ.ഒ സമർപ്പിച്ച രേഖകൾ പ്രകാരമുള്ള ചെലവു തുകയും ( 1533846) തമ്മിൽ 1121046 രൂപയുടെ വ്യത്യാസമുണ്ട്.

(B) ഈ പ്രൊജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വി.ഇ.ഒ പരിശോധനയ്ക്ക് ഹാജരാക്കിയ അക്വിറ്റൻസ് രജിസ്റ്ററിൽ, 1137800 രൂപയാണ് ചെലവു കാണിച്ചിരിക്കുന്നത്. അത് താഴെ പറയും പ്രകാരമാണ്.

| ക്രമനം | ഗുണഭോക്താക്കളുടെ എണ്ണം | ഒരാൾക്ക് നൽകിയ തുക | ആകെ |
|---|---|---|---|
| 1 | 28 | 12000 | 336000 |

| | | | |
|---|---|---|---|
| 2 | 13 | 6000 | 78000 |
| 3 | 47 | 15400 | 723800 |
| 4 | 02 | 0 | 0 |
| ആകെ | 90 | - | 1137800 |

അതായത്, യഥാർത്ഥ ചെലവും അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ചെലവും(1533846-1137800)തമ്മിൽ 396046 രൂപയുടെ വ്യത്യാസമുണ്ട്.

ഇത് സംബന്ധിച്ച് 25.8.17 ന് നൽകിയ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന്, മറുപടിയോ ബന്ധപ്പെട്ട രേഖകളോ ഹാജരാക്കിയില്ല.
ആയതിനാൽ ചെലവു കണക്കിലെ അപാകതകൾ ആധികാരികമായ രേഖകൾ സഹിതം പൊരുത്തപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വിധേയമായി യഥാർത്ഥ ചെലവും അക്വിറ്റൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും തമ്മിലുള്ള വ്യത്യാസമായ 396046 രൂപയുടെ ചെലവു തടസ്സപ്പെടുത്തുന്നു.

## 3-3 കറവപ്പശു വളർത്തൽ (ജനറൽ &എസ്.സി.) ഗുണഭോക്താക്കളുടെ വരുമാനം സംബന്ധിച്ച സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു

I.പ്രൊജക്ട് നമ്പർ - 168/17

പ്രൊജക്ടിന്റെ പേര് – കറവപ്പശു വളർത്തൽ (എസ്.സി.പി.)

അടങ്കൽ – 270000 രൂപ

ചെലവ് – 270000 രൂപ

ഗുണഭോക്താക്കളുടെ എണ്ണം – 18

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

സബ്സിഡി തുക – 15000 രൂപ

വായ്പ തുക – 25000രൂപ

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം ധനസഹായം നൽകുന്നതിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ താഴെ പറയുന്നവർ ധനസഹായത്തിന് അർഹത തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര് കറവപ്പശു വളർത്തൽ ( എസ്.സി)

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | APL റേഷൻ കാർഡ് നമ്പർ | അനുവദിച്ച ധനസഹായ | ബാങ്കിന്റെപേരും അക്കൗണ്ട് |
|---|---|---|---|---|

| | | | തുക | നമ്പറും |
|---|---|---|---|---|
| 1 | വേലായുധൻ.കെ.കെ. കുറുപ്പം കണ്ടത്തിൽ, പുറമതിൽശ്ശേരി കുമ്പിടി. പി.ഒ | 1948147996 | 15000 | SBT കൂടല്ലൂർ 67369346498 |
| 2 | കോർമ്മൻ, S/O മുല്ലൻ, പള്ളിയാലിൽ പറമ്പിൽ, പെരുമ്പലം, കുമ്പിടി | 1948152405 | 15000 | SBT കൂടല്ലൂർ 672310878077 |
| 3 | ഷീബ. എം.പി. D/O വേലായുധൻ, ചേന്നൻ കുഴിപ്പറമ്പിൽ, ആനക്കര | 1948193731 | 15000 | SBT കൂടല്ലൂർ 67396597198 |
| 4 | വിജയൻ പി.കെ. S/O കറപ്പൻ, പുഷ്പംകുന്നത്ത്, കുമ്പിടി. പി.ഒ | 1948152307 | 15000 | SBT കൂടല്ലൂർ 67246078094 |
| 5 | വള്ളി W/O കോപ്പ, കുന്നമ്പള്ളിപ്പടി, ആനക്കര | 1948095471 | 15000 | SBTകൂടല്ലൂർ 57062743974 |
| 6 | അമ്മിണി W/o ശ്രീധരൻ, വാരിയത്തുപടി, ആനക്കര | വരുമാനം സംബന്ധിച്ച രേഖകൾ ഇല്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ 1948095538 നമ്പർ BPL റേഷൻ കാർഡിൽ ടിയാളുടെ പേരില്ല | 15000 | SBTകൂടല്ലൂർ 57062743974 |
| 7 | ലക്ഷ്മിക്കുട്ടി, D/o കൊലവൻ, ചിരട്ടക്കുന്നത്ത്, ആനക്കര | താൽക്കാലിക റേഷൻ കാർഡ് നം. 1948073136 | 15000 | SBTകൂടല്ലൂർ 225425560 |
| 8 | വിദ്യ, W/O അനീഷ്, കേലായി നമ്പ്രത്ത്, കൂടല്ലൂർ | വരുമാനം സംബന്ധിച്ച രേഖകൾ ഇല്ല അപേക്ഷയോടൊപ്പം ഹാജരാക്കിയ 1948093556 നമ്പർ BPL റേഷൻ കാർഡിൽ ടിയാളുടെ പേരില്ല | 15000 | SBTകൂടല്ലൂർ 67225472449 |
| 9 | സുനിത W/O ശിവശങ്കരൻ, | വരുമാനം സംബന്ധിച്ച | 15000 | SBTകൂടല്ലൂർ |

| | | | | |
|---|---|---|---|---|
| | മാരായപ്പറമ്പിൽ വീട്, കോളേജ് സ്ട്രീറ്റ്, മേലെ പട്ടാമ്പി | രേഖകൾ ഇല്ല. അപേക്ഷയോടൊപ്പം ഹാജരാക്കിയ 1948093556 നമ്പർ BPL റേഷൻ കാർഡിൽ ടിയാളുടെ പേരില്ല | | 67160505422 |
| 10 | ശ്രീമതി<br>W/o കൃഷ്ണൻ, മേലെവളപ്പിൽ, ആനക്കര | APL1948181569 | 15000 | SBTകൂടല്ലൂർ<br>67028252586 |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗ രേഖ ജി.ഒ.(എം.എസ്) 4/16/ത.സ്വ.ഭ.വ. തീയ്യതി 11.1.16 ഖണ്ഡിക. 3.2 – ക്രമനം. 1- കോളം- 5-ൽ പറയും പ്രകാരമുള്ള വാർഷിക വരുമാന പരിധി തെളിയിക്കുന്ന (50,000 രൂപ) സാക്ഷ്യ പത്രം ഹാജരാക്കാതെ സബ്സിഡി നൽകിയതിനാൽ അർഹതയുള്ള ഗുണഭോക്താക്കൾക്ക് തന്നെയാണ് ആനുകൂല്യം നൽകിയതെന്ന് ഉറപ്പാക്കാനായിട്ടില്ല.

ഇത് സംബന്ധിച്ച് 23.8.17 ന് നൽകിയ 8-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണോദ്യോഗസ്ഥൻ 24.8.17 ന് നൽകിയ മറുപടിയിൽ, എസ്.സി. വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് APL, BPL വ്യത്യാസമില്ലാതെ, ജാതി തെളിയിക്കുന്ന സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകാമെന്ന് മനസ്സിലാക്കിയെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയതെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരം വരുമാനം സംബന്ധിച്ച അർഹതാ രേഖകളോ ചെറുകിട-നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖകളോ ഹാജരാക്കാതെ ധനസഹായമായി നൽകിയ 150000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 3-4 അസി. സെക്രട്ടറി നടപ്പിലാക്കിയ " എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ "- സൈക്കിൾ വിതരണം- പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

അസി. സെക്രട്ടറി നടപ്പിലാക്കിയ " എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ - സൈക്കിൾ വിതരണം- പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പ്രൊജക്ട് നമ്പർ എസ്.ഒ.03/17-17
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

അടങ്കൽ -900500 രൂപ

ചെലവ് -373900 ( ബിൽ നം 02/ 1-17 തീ.10. 12. 2016)

ആകെ ഗുണഭോക്താക്കളുടെ എണ്ണം – 96 (ആൺകുട്ടികൾ- 55, പെൺകുട്ടികൾ 41)

**ഗുണഭോക്താക്കളുടെ സ്കൂൾ തിരിച്ചുള്ള കണക്കുകൾ.**

| ക്രമ നം | വിദ്യാലയത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | സർക്കാർ ഹയർസെക്കന്ററി സ്കൂൾ ആനക്കര | 40 |
| 2 | ഡോ.കെ.ബി.മോനോൻ മെമ്മോറിയൽ ഹൈസ്കൂൾ, തൃത്താല | 20 |
| 3 | ഗവ:ഹൈസ്കൂൾ, കൂടല്ലൂർ | 16 |
| 4 | ഗവ:ഗോഖലെ ഹയർസെക്കന്ററി സ്കൂൾ, കല്ലടത്തൂർ | 7 |
| 5 | ഗവ: ഹൈസ്കൂൾ, വട്ടേനാട് | 4 |
| 6 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 2 |
| 7 | ഗവ: ഹൈസ്കൂൾ, കുറ്റിപ്പുറം | 4 |
| 8 | ഗവ: ഹൈസ്കൂൾ, എടപ്പാൾ | 1 |
| 9 | ഗവ: ഹൈസ്കൂൾ, നാഗലശ്ശേരി | 1 |
| 10 | ഗവ: ഹൈസ്കൂൾ, വല്ലപ്പുഴ | 1 |
| | ആകെ | 96 |

മേൽ പറഞ്ഞ വിധം പഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരും പഞ്ചായത്തിനകത്തും പുറത്തുമുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നവരുമായ 96 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുക എന്നതാണ് പ്രൊജക്ട്.

2016-17 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കിയ (2015-16-ലെ പ്രൊജക്ട്) ഈ പ്രൊജക്ട്, പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്കനുസൃതമായല്ല നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ ജി.ഒ. (എം.എസ്) 4/2016 ത.സ്വ.ഭ.വ തീ. 11.1.2016 - ഖണ്ഡിക 6.8 – ക്രമ നം.5 എസ്.സി. വിഭാഗത്തിൽ പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുമ്പോൾ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കണം.

1. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ സ്കൂൾഅധികൃതർ മുഖേനയായിരിക്കണം സൈക്കിൾ വിതരണം ചെയ്യേണ്ടത്.
2. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്.

എന്നാൽ പദ്ധതി നിർവ്വഹണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 96 വിദ്യാർത്ഥികളിൽ 45 പേരുടെ, സ്കൂൾ അധികൃതർ നൽകിയ സാക്ഷ്യപത്രവും ജാതി തെളിയിക്കുന്ന സാക്ഷ്യപത്രവും പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല.

വിശദാശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വിദ്യാലയത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | സാക്ഷ്യ പത്രങ്ങൾ ഹാജരാക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | ഹയർ സെക്കന്ററി സ്കൂൾ, സർക്കാർ ആനക്കര | 40 | 24 |
| 2 | ഡോ.കെ.ബി.മോനോൻ മെമ്മോറിയൽ ഹൈസ്കൂൾ, തൃത്താല. | 20 | 8 |
| 3 | ഗവ:ഹൈസ്കൂൾ, കൂടല്ലൂർ | 16 | 2 |
| 4 | ഗവ:ഗോഖലെ ഹയർ സെക്കന്ററി സ്കൂൾ, കല്ലടത്തൂർ | 7 | 5 |
| 5 | ഗവ: ഹൈസ്കൂൾ, വട്ടേനാട് | 4 | 3 |
| 6 | ഗവ: ടെക്നിക്കൽ ഹൈസ്കൂൾ, കുറ്റിപ്പുറം | 2 | 2 |
| 7 | ഗവ: ഹൈസ്കൂൾ, കുറ്റിപ്പുറം | 4 | 0 |
| 8 | ഗവ: ഹൈസ്കൂൾ, എടപ്പാൾ | 1 | 1 |
| 9 | ഗവ: ഹൈസ്കൂൾ, നാഗലശ്ശേരി | 1 | 0 |
| 10 | ഗവ: ഹൈസ്കൂൾ, വല്ലപ്പുഴ | 1 | 0 |
| ആകെ | | 96 | 45 |

മാത്രമല്ല, സ്പിൽ ഓവർ പ്രൊജക്ടായതിനാൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ എല്ലാം തന്നെ സൈക്കിൾ വിതരണ സമയത്തിന് മുമ്പ് എസ്.എസ്.എൽ.സി പൂർത്തീകരിച്ചവരാണ്. അതായത് 2106 -മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് 2016 ഡിസംബർ മാസത്തിലാണ് സൈക്കിൾ വിതരണം ചെയ്തിരിക്കുന്നത്. 10-ാം ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വിതരണം ചെയ്യേണ്ടത്.എന്നതിനാൽ യോഗ്യതാ കാലഘട്ടം കഴിഞ്ഞ് ഗുണഭോക്താക്കൾക്ക് സൈക്കിൾ വിതരണം ചെയ്തത് ഉചിതമായ നടപടിയല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതി നിർവ്വഹണ സമയത്ത് മാർഗ്ഗ രേഖാ പ്രകാരം ഗുണഭോക്താക്കളുടെ യോഗ്യത തെളിയക്കുന്ന മുഴുവൻ രേഖകളും ഉറപ്പ് വരുത്തുക.

2. പദ്ധതികൾ അവയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ നേടുന്നതിന് നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുക.

മേൽ പറഞ്ഞ അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-5 ഒഴിവാക്കി

# 3-6 സമ്പൂർണ്ണ ശുചിത്വം- കക്കൂസ് നിർമാണം (ODF), ഭവനം റിപ്പയർ - ധനസഹായ വിതരണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

സമ്പൂർണ്ണ ശുചിത്വം- കക്കൂസ് നിർമാണം (ODF), ഭവനം റിപ്പയർ- ധനസഹായ വിതരണത്തിനു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമാണം പൂർത്തീകരിക്കുകയോ, ധനസഹായത്തുക പൂർണ്ണമായും കൈപ്പറ്റുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ.

(A) സമ്പൂർണ്ണ ശുചിത്വം- കക്കൂസ് നിർമാണം (ODF-യൂണിറ്റ് കോസ്റ്റ്- 15400/- രൂപ

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ചെക്ക് നമ്പറും, തീയ്യതിയും | ബാക്കി തുക |
|---|---|---|---|---|
| 1 | മനോജ് , പുളിക്കൽ, ഉമ്മത്തൂർ | 12000 | ലഭ്യമല്ല | 3400 |
| 2 | പ്രഭാകരൻ നായർ, കോട്ടീരി, നയ്യൂർ, ആനക്കര | 6000 | 467683/22.8.16 | 9400 |
| 3 | ഷൗക്കത്തലി, കാഞ്ഞിര മഠത്തിൽ, ഉമ്മത്തൂർ | 6000 | ലഭ്യമല്ല | 9400 |
| 4 | ഗണേഷ് ബാബു, വലിയവളപ്പിൽ, കുടല്ലൂർ | 6000 | 467698/3.8.16 | 9400 |
| 5 | അയ്യപ്പൻ, കുറ്റിക്കാട്ട് പറമ്പിൽ, ആനക്കര | 6000 | ലഭ്യമല്ല | 9400 |
| 6 | കാർത്യായനി, ചേരാമത്ത് ചോലയിൽ, കുടല്ലൂർ | 6000 | ലഭ്യമല്ല | 9400 |
| 7 | ശത്രുഘ്നൻ, കളരിക്കൽ , ഉമ്മത്തുര് | 12000 | ലഭ്യമല്ല | 3400 |

| | | | | |
|---|---|---|---|---|
| 8 | വള്ളി, തെക്കെ പറമ്പിൽ,<br><br>മേലഴിയം | 12000 | 467684/22.8.16 | 3400 |
| 9 | സുബ്രഹ്മണ്യൻ, ചോലപ്പറമ്പിൽ, പെരുമ്പലം | 6000 | 467714/22.7.16 | 9400 |
| 10 | തിത്തുമ്മ, മൂച്ചി അത്താണിക്കൽ, പെരുമ്പലം | 6000 | 467705/17.6.16 | 9400 |
| 11 | മുഹമ്മദ് ബഷീർ, കാഞ്ഞിര മഠത്തിൽ. ഉമ്മത്തൂർ | 12000 | 467749/7.11.16 | 3400 |
| 12 | ജയന്തി, പണ്ടാരപ്പറമ്പിൽ, മേലഴിയം | 6000 | ലഭ്യമല്ല | 9400 |
| 13 | സുധീര, ചേരാത്ത് ചോലയിൽ, ആനക്കര | 12000 | 467740/31.8.16 | 3400 |
| 14 | ഉമ , താണിക്കുന്ന് പറമ്പിൽ, കൂടല്ലൂർ | 6000 | ലഭ്യമല്ല | 9400 |
| 15 | സുബ്രഹ്മണ്യൻ, നമ്പ്രത്ത്, പെരുമ്പലം | 12000 | ലഭ്യമല്ല | 3400 |
| 16 | ശ്രീലേഖ, പൊറ്റമ്മൽ, പന്നിയൂർ. | 12000 | ലഭ്യമല്ല | 3400 |
| 17 | പത്മിനി, താണിക്കുന്ന് പറമ്പിൽ, കൂടല്ലൂർ | 12000 | ലഭ്യമല്ല | 3400 |
| 18 | ജാനകി, കോലത്ത് പറമ്പിൽ, ആനക്കര | 6000 | ലഭ്യമല്ല | 9400 |
| 19 | ദേവകി, W/O കുമാരൻ, ചിരട്ടക്കുന്നത്ത്, ആനക്കര | 12000 | ലഭ്യമല്ല | 3400 |

(B) ഭവനം റിപ്പയർ (ജനറൽ )

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | ബാങ്ക് അക്കൗണ്ട് നമ്പറും ബാങ്കിന്റെ പേരും | ബാക്കി തുക |
|---|---|---|---|---|
| 1 | തായുമ്മ W/O കുഞ്ഞുമോൻ, കുന്നംപാടത്ത്, | 7500 | 1538108008646<br><br>കനറാ ബാങ്ക്, | 7500 |

| | | | | |
|---|---|---|---|---|
| | മേലഴിയം | | ആനക്കര | |
| 2 | ഇയ്യാത്തുമ്മ, മുക്കിലവളപ്പിൽ, ആനക്കര | 7500 | 1538108009067<br>കനറാ ബാങ്ക്, ആനക്കര | 7500 |
| 3 | കൃഷ്ണൻ കെ.വി. S/O വേലായി, കരുവാര വളപ്പിൽ, മണ്ണിയം പെരുമ്പലം | 7500 | 570627362721<br>കനറാ ബാങ്ക്, ആനക്കര | 7500 |

മേൽ പറഞ്ഞ ഗുണഭോക്താക്കളെ കൊണ്ട് പണി പൂർത്തീകരിപ്പിക്കുന്നതിനോ, കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം (നമ്പർ 9/ 25.8.17) ത്തിന് മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 പാലിയേറ്റീവ് രോഗികളുടെ പേര് വിവരം വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്

പാലിയേറ്റീവ് പരിചരണ പദ്ധതി നടത്തിപ്പ് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ.ടി) 3217/15 ത.സ്വ.ഭ.വ. തിയതി 29-10-15 യിലെ 2.5.6നമ്പർ നിർദ്ദേശ പ്രകാരം പാലിയേറ്റീവ് രോഗികളുടെ പേര് വിവരം അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ ഈ ഉത്തരവ് വന്ന് അറുപത് ദിവസത്തിനകം പ്രസിദ്ധീകരിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അല്ലാത്തപക്ഷം അറുപത് ദിവസത്തിന് ശേഷം വരുന്ന ചെലവുകൾ അംഗീകരിക്കേണ്ടതില്ലായെന്നുമാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. വെബ് സൈറ്റിൽ നാളിതു വരെ രോഗികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന് വിശദീകരണം നൽകാനാവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. മാൻഡേറ്ററി പദ്ധതിയായിട്ടും ഈ വിഷയത്തിൽ വരുത്തിയ വീഴ്ച ക്രമവിരുദ്ധമാണ്. അപാകത പരിഹരിക്കേണ്ടതാണ്.

# 3-8 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്-കൃത്യമായ രേഖകളില്ലാതെ തുക അടയ്ക്കുന്നത് അശാസ്ത്രീയം

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ പ്രതിമാസം 48963/- രൂപ നിരക്കിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആകെ 587556/- രൂപ വൈദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. ഇപ്രകാരം തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. തെരുവു വിളക്കുകളുടെ എണ്ണം, തരം, ഇലക്ട്രിക്ക് പോസ്റ്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
2. തെരുവു വിളക്കുകളുടെ എണ്ണം, തരം എന്നിവ തെളിയിക്കുന്നതിനായി വൈദ്യുതി

ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

3. പ്രതിമാസ വൈദ്യുതി ചാർജ് എങ്ങിനെയാണ് വന്നതെന്ന് തെളിയിക്കുന്ന വൈദ്യുതി ബോർഡിന്റെ താരീഫ് വിവരം ഹാജരാക്കിയിട്ടില്ല.

മുകളിൽ പറഞ്ഞ വിവരങ്ങൾ, രേഖകൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/21-8-2017) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്റർ, ഫയലുകൾ എന്നിവ കൃത്യമായി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്/നം. | ചെലവ് | ബാക്കി |
|---|---|---|---|---|
| 2016-17 | 337500 (ജില്ലാ പഞ്ചായത്ത് വിഹിതം) | കർഷകർക്ക് ഉഴവുകൂലി -ജനറൽ (117/17) | 337500 | 0 |
| | 300000 (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) | കർഷകർക്ക് ഉഴവുകൂലി -SCP (117/17) | 300000 | 0 |
| | 50000 (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) | കാലിത്തീറ്റ വിതരണം (161/17 | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം താഴെപറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തുകനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സ്ഥാപനം | പ്രവൃത്തിയുടെ പേര് | ചെലവു വിവരം | മുൻകൂർ നല്കിയ തുക | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|
| KWA | അംഗനവാടി യിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (354/17) | Fund transferred through NEFT | 250000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| --Do-- | ഷോപ്പിങ് കോംപ്ലക്സിലേക്ക് വാട്ടർ കണക്ഷൻ (362/17) | ----do--- | 13000 | --do-- |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (367/17) | -----do---- | 53560 | ---do--- |
| KSEB | കാഞ്ഞിരക്കാട്-പള്ളിശ്ശേരിക്കുഴി റോഡ് ലൈൻ എക്സ്റ്റൻഷൻ(354/17) | -----do---- | 49858 | ----do--- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| ഉദ്ദേശം | ഉത്തരവ് | വായ്പ തുക | മുൻബാക്കി | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ലോൺ | ലഭ്യമല്ല | 2362500 | 871705 | nil | nil | 871705 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44551597 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43404684 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6993/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 546046 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 3-1 (പിഴ) | | 6993 | ശ്രീമതി.എൻ.എസ്.സുധ<br>അസി. എഞ്ചിനീയർ |
| ആകെ | | 6993 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 396046 | ശ്രീ. കെ.പി.കാർത്തികേയൻ,<br>വി.ഇ.ഒ |
| 3-3 | 150000 | ശ്രീ. കെ.പി.വിനോദ്,<br>വെറ്ററിനറി സർജൻ |
| ആകെ | 546046 | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എൻ.എസ്.സുധ<br>അസി. എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ആനക്കര ഗ്രാമ പഞ്ചായത്ത് | നടുവിലത്തേതിൽ വീട്,<br>മഞ്ഞക്കാട്, ഷൊർണ്ണൂർ<br>പാലക്കാട്<br>പിൻ-679121 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP11-1491/97 dt.14.11.2008 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | LF.P11-1492/97 dt.14.11.2008 | ഓഡിറ്റ് റിപ്പോർട്ട് |
| 1998-99 | LF.P11/20678/12 04-04-12 | റവന്യൂ റിക്കവറി-<br>തുടർ നടപടികൾ |

| | | |
|---|---|---|
| | | അറിയിക്കാത്തത് സംബന്ധിച്ച് |
| 1999-00 | LF.P11/759/09/ 07-12-09 | ഫർദർ റിമാർക്സ് |
| 2000-01<br>2001-02 | LF.P/20/6513/12 -04-12 | ടി |
| 2002-03 | LF.P /20 679/ (1) 12 - 21-08-13 | ടി |
| 2003-04 | LF./20/679/(2)/12 19-08-13 | ടി |
| 2004-05 | LF.P/20/679/(3)/ 17-08-13 | ടി |
| 2005-06 | LF.P/20/679/(4)/13- 17-09-12 | ശുദ്ധിപത്രം |
| 2006-07<br>2007-08<br>2008-09 | LF.P/20/1699/11(2)/ 12-04-12 | മണൽ ഖനനവുമായി ബന്ധപ്പെട്ട പ്രദേശിക പരിശോധനാ റിപ്പോർട്ട് |
| 2009-2010<br>2010-2011 | LFP20/1003/13/ 03-12-13 | ഫർദർ റിമാർക്സ്. |
| 2011-12 | L.FP20/752/2014/ 08-08-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | KSA-PKD-20-231-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | KSA-PKD-20/1092/16 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA-PKD20/ 2289 /2016 dt.31-12-2016 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന റിപ്പോർട്ടികളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം

നം. കെ.എസ്.എ-പികെഡി20/1762/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി - 06.10.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215 വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ന്യൂനതകളുടെ സംഗ്രഹം

1. കെട്ടിടനികുതി വിശദാംശങ്ങൾവാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. ആസ്തി രജിസ്റ്റർ സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-PKD20/1762/2017

Kerala State Audit Department
District Audit Office
Palakkad
Date –06.10.2017

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of ANAKKARA GRAMA PANCHAYATH for the year ended 31.03.17 in Palakkad District in accordance with section 4 of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayath Raj Act 1994, the rules made thereunder and the guidelines issued by the Comptroller and Auditor General of India for the Certification of Accounts of Panchayath Raj Institutions.

In my opinion the financial statements of ANAKKARA GRAMA PANCHAYATH prepared in accordance with Section Section 215 of the Kerala Panchayath Raj Act 1994 and Go(P) No 319/2003/Fin. Dated 12.06.13, for the year 2016 -2017 properly presents the picture of income, expenditure and closing balance except for the defects pointed in this certificate.

Deputy Director

Abstract of defects

1. The details of accounts of building tax as per demand register is not reconcilled with the annual financial statement submitted for audit.
2. The value of movable and immovable assets during the period prior to conversion to accrual system not added to the value of assets as per the current balance sheet.

Deputy Director